Syro Malabar Commission for Liturgy



# നോമ്പ് രണ്ടാം വെള്ളി - മത്താ 11: 27-33

ദേവാലയശുദ്ധീകരണത്തിന്റെ പിറ്റേദിവസം ഈശോ ദേവാലയത്തിലൂടെ നടക്കുമ്പോഴാണ് സാൻഹെദ്രീൻ സംഘത്തിലെ അംഗങ്ങളായ പ്രധാനപുരോഹിതരും നിയമജ്ഞരും ജനപ്രമാണികളും ഈശോയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നത്. ചോദ്യത്തിനുത്തരമായി യോഹന്നാന്റെ മാമ്മോദീസായെക്കുറിച്ചുള്ള ഒരു മറുചോദ്യമാണ് ഈശോ അവരോടു ചോദിക്കുന്നത്. യോഹന്നാന്റെ മാമ്മോദീസാ സ്വർഗത്തിൽ നിന്നോ, മനുഷ്യരിൽ നിന്നോ? എന്തുത്തരം കൊടുക്കണമെന്ന് അവർ ധർമ്മസങ്കടത്തിലായി. ചക്കിനുവച്ചത് കൊക്കിനുകൊണ്ടുവെന്ന് മനസ്സിലായപ്പോൾ വാഗ്വാദത്തിൽനിന്ന് അവർ പിന്മാറുന്നു. തങ്ങൾക്കറിയാവുന്ന സത്യം അറിയില്ല എന്നു പറഞ്ഞ് അവർ തടിതപ്പുന്നു. അറിവിനെ തെറ്റായരീതിയിൽ അന്വേഷിക്കുന്നവരിൽനിന്ന് അത് മറയ്ക്കപ്പെടുന്നുവെന്ന് വി. ബീഡ് പ്രസ്താവിക്കുന്നു.

യോഹന്നാന്റെ അധികാരം ദൈവത്തിൻ നിന്നായിരിക്കുന്നതു പോലെതന്നെ തന്റെ അധികാരവും ദൈവത്തിൻ നിന്നുതന്നെയാണെന്ന് ഈശോ ഈ ചോദ്യത്തിലൂടെ വ്യക്തമാക്കുന്നു. പിശാചുക്കളെ പുറത്താക്കുന്നതിലൂടെ, രോഗികളെ സുഖപ്പെടുത്തിയതിലൂടെ, പാപം മോചിച്ചതിലൂടെ ഈശോ തന്റെ അധികാരം വെളിപ്പെടുത്തുകയായിരുന്നു. എതിരാളികളെ നിശബ്ദരാക്കുക മാത്രമല്ല തന്റെ അധികാരം ദൈവത്തിൽനിന്നാണെന്ന് ഈശോ സ്ഥാപിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന് ആധികാരികത ഉണ്ടാകുവാൻ ദൈവമായ മിശിഹായെ കർത്താവും നാഥനുമായി അംഗീകരിച്ച് ഏറ്റുപറയാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്